"ഭരണഭാഷ-മാതൃഭാഷ"

## വനിത ശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(ഹാജർ: അനുപമ.റ്റി.വി, ഐ എ എസ്)**

**വിഷയം:-** വനിത ശിശുവികസനവകുപ്പ് - ജീവനക്കാര്യം - വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ പൊതുസ്ഥലം മാറ്റം 2021 - അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-**
1. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25.02.2017-ലെ സർക്കാർ ഉത്തരവ് (പി) നം.3/2017/ഉഭപവ.
2. വനിത ശിശുവികസന ഡയറക്ടറുടെ 30.04.2021 തീയതിയിലെ WCD/E1/4800/2021 നമ്പർ പരിപത്രം.
3. ജീവനക്കാരുടെ അപേക്ഷകൾ.

**ഉത്തരവ് നമ്പർ WCD-E9/9632/201** **തീയതി : 09.12.2021**

വനിത ശിശുവികസന വകുപ്പിലെ ജീവനക്കാരിൽ നിന്നും 2021-ലെ പൊതുസ്ഥലം മാറ്റത്തിനായി പരാമർശം (2) പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. ആയത് പ്രകാരം വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാരിൽ നിന്നും ലഭ്യമായ അപേക്ഷകൾ പരിഗണിച്ച് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്ര നം | പേര് & പെൻ നമ്പർ | ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകുന്ന കാര്യാലയം | റിമാർക്ക് |
|---|---|---|---|---|
| 1. | ശ്രീമതി.താഹിറ ബീവി.എച്ച് | വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, പത്തനംതിട്ട | വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, എറണാകുളം | അപേക്ഷ |
| 2. | ശ്രീമതി.നിസ്സ.എ | വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, വയനാട് | വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, പത്തനംതിട്ട | അപേക്ഷ |
| 3. | ശ്രീമതി.പ്രമീള.എ.എസ്സ് | വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, മലപ്പുറം | വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, കോട്ടയം | അപേക്ഷ |

വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ (താൽക്കാലികം) സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.നിസ്സ.എ-യുടെ സ്ഥിരം തസ്തിക നിലവിലെ തസ്തികയ്ക്ക് തുല്യമായതിനാലും വയനാട് ജില്ലയിൽ 3 വർഷത്തിൽ കൂടുതൽ സേവനം പൂർത്തീകരിച്ചതിനാലും വ്യവസ്ഥകൾ പ്രകാരം ഒരു സ്ഥിരം ജീവനക്കാരിയ്ക്ക് ലഭിക്കേണ്ട പരിഗണനയെന്ന നിലയിൽ സ്ഥലം മാറ്റം അനുവദനീയമാണ്.

വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ (താൽക്കാലികം) മലപ്പുറം ജില്ലയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.പ്രമീള.എ.എസ്സ് സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ള കോട്ടയം ജില്ലയിൽ ഓപ്പൺ വേക്കൻസിയായതിനാലും ടി ജില്ലയിൽ സ്ഥിരം ജീവനക്കാരാരും അപേക്ഷിച്ചിട്ടില്ലാത്തതിനാലും ടിയാൾക്കും സ്ഥലംമാറ്റം അനുവദിക്കുന്നു.

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ പകരം നിയമനം വരുന്ന മുറയ്ക്ക് മാത്രം വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്